A3/93/2025-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - തൃപ്പൂണിത്തുറ ഹിൽപാലസ് പൈതൃകപഠന കേന്ദ്രത്തിന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ നിന്നും ഒന്നാം ഗഡു അനുവദിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.17/2026/CLAD — തീയതി, തിരുവനന്തപുരം, 07-01-2026

പരാമർശം:-
1. സ.ഉ.(സാധാ) നം. 605/2025 തീയതി 22.10.2025.
2. സ.ഉ.(സാധാ) നം.716/2025 തീയതി 08.12.2025.
3. പൈതൃകപഠനകേന്ദ്രം രജിസ്ട്രാറുടെ 10.12.2025, 16.12.2025 എന്നീ തീയതികളിലെ സിഎച്ച്സ്/139/2025/എ1 നമ്പർ കത്തുകൾ.

**ഉത്തരവ്**

പൈതൃകപഠനകേന്ദ്രത്തിന് 2025-26 സാമ്പത്തികവർഷം "2205-00-103-85 (പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ₹15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) ഒന്നാം ഗഡുവായി അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ഒന്നാം ഗഡുവായി അനുവദിച്ച തുക പൈതൃക പഠനകേന്ദ്രത്തിന്റെ പി.എസ്.ടി.എസ്. ബി. അക്കൗണ്ട് നമ്പറായ 799012700001340-ലേക്ക് അനുവദിക്കണമെന്നും പൈതൃകപഠനകേന്ദ്രത്തിന്റെ "2205-00-103-85 (പ്ലാൻ)" എന്ന പദ്ധതി ശീർഷകത്തിൽ നിന്നും നടപ്പുസാമ്പത്തികവർഷം ഒരു ലക്ഷം രൂപ ചെലവഴിച്ചത് എങ്ങനെയെന്നതിൽ വ്യക്തതയില്ലെന്നും പരാമർശം (3) പ്രകാരം പൈതൃകപഠനകേന്ദ്രം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

2. സാംസ്കാരികകാര്യ വകുപ്പ് സംഘടിപ്പിച്ച വിഷൻ 2031-മായി ബന്ധപ്പെട്ട് സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് പൈതൃകപഠനകേന്ദ്രത്തിന്റെ പദ്ധതി ശീർഷകത്തിൽ ("2205-00-103-85-പ്ലാൻ") 2025-26 സാമ്പത്തികവർഷം വകയിരുത്തിയ തുകയിൽ നിന്നും 1 ലക്ഷം രൂപ കേരള സംഗീതനാടക അക്കാദമി സെക്രട്ടറിയ്ക്ക് അനുവദിക്കുന്നതിന് സാംസ്കാരികവകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

3. മേൽ സാഹചര്യത്തിൽ പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 3-ലെ തൃപ്പൂണിത്തുറ പൈതൃകപഠനകേന്ദ്രത്തിന്റെ പി.എസ്.ടി.എസ്.ബി. അക്കൗണ്ട് നമ്പർ **799012700001340 എന്ന് തിരുത്തിയും** പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 4-ലെ **"2205-00-103-85 (പ്ലാൻ)" ശീർഷകത്തിൽ നിന്നും നടപ്പുസാമ്പത്തിക വർഷം 1 ലക്ഷം രൂപ ചെലവായതായി കാണുന്നതിനാൽ ആയത് എപ്രകാരമാണ് ചെലവായതെന്ന വിശദീകരണവും** എന്ന വാചകം ഒഴിവാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, പൈതൃക പഠന കേന്ദ്രം, തൃപ്പൂണിത്തുറ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, തൃപ്പൂണിത്തുറ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ധനകാര്യ വകുപ്പ് (3335853/ EDN-D1/85/2025-FIN dated 27.11.2025)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 07-01-2026 17:08:10